REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-09-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **ഇന്ന് ദുർഗ്ഗാഷ്ടമി. രാഷ്ട്രപതി ദ്രൗപതി മുർമു വിശ്വാസികൾക്ക് ദുർഗ്ഗാപൂജ ആശംസകൾ നേർന്നു.**
- **കേരള മീഡിയ അക്കാദമിയുടെ അന്താരാഷ്ട്ര മാധ്യമോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.**
- **കോഴിക്കോട്ട് രണ്ട് പേരെ കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.**
- **ആരോഗ്യവകുപ്പിന്റെ ഹൃദയസ്തംഭന പ്രഥമ ശുശ്രൂഷാ ബോധവത്ക്കരണ കാമ്പയിനിൽ 15,616 പേർക്ക് CPR പരിശീലനം നൽകിയതായി മന്ത്രി വീണാ ജോർജ്.**
- **ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിന് ഉച്ചകഴിഞ്ഞ് ഗോഹട്ടിയിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ, ശ്രീലങ്കയെ നേരിടും.**

## വാർത്തകൾ വിശദമായി

**ഇന്ന് ദുർഗ്ഗാഷ്ടമി. രാഷ്ട്രപതി ദ്രൗപതി മുർമു വിശ്വാസികൾക്ക് ദുർഗ്ഗാപൂജ ആശംസകൾ നേർന്നു. സംസ്കാരത്തിന്റെയും, വിശ്വാസത്തിന്റെയും ആധ്യാത്മിക പാരമ്പര്യത്തിന്റെയും പ്രതീകമാണ് ദുർഗ്ഗാപൂജയെന്ന് ആശംസാ സന്ദേശത്തിൽ രാഷ്ട്രപതി പറഞ്ഞു. സത്യത്തിന്റെയും, നീതിയുടെയും, സഹാനുഭൂതിയുടെയും പാതയിൽ ആധ്യാത്മിക വിശുദ്ധി കൈവരിച്ച് മുന്നോട്ടുപോകാൻ ദുർഗയുടെ ഒൻപത് ഭാവങ്ങൾ കരുത്ത് നൽകുമെന്നും അവർ അഭിപ്രായപ്പെട്ടു.**

സമൂഹത്തിൽ സ്ത്രീയുടെ ബഹുമാന്യത ഉറപ്പാക്കാനും, അർഹമായ സ്ഥാനം നൽകാനും ഉത്സവവേളയിൽ പ്രതിജ്ഞയെടുക്കണമെന്ന് അവർ ജനങ്ങളെ ആഹ്വാനം ചെയ്തു.

✪✪✪

സംസ്ഥാനത്തെ ക്ഷേത്രങ്ങളിലും, സാംസ്കാരിക കേന്ദ്രങ്ങളിലും നവരാത്രി ആഘോഷങ്ങളും പ്രത്യേക പരിപാടികളും പുരോഗമിക്കുന്നു. ഇന്നലെ കോട്ടയം പനച്ചിക്കാട് മൂകാംബിക ക്ഷേത്രത്തിലും, തിരൂർ തുഞ്ചൻപറമ്പിലുമടക്കം പുസ്തക പൂജ ആരംഭിച്ചു. വിജയദശമി ദിനത്തിലെ വിദ്യാരംഭത്തിന് ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്.

✪✪✪

തിരുവനന്തപുരത്ത് കേരള മീഡിയ അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മാധ്യമോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ടാഗോർ തിയറ്ററിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. വ്യാഴാഴ്ച വരെയാണ് മാധ്യമോത്സവം. ഇന്നലെ പരിപാടിയുടെ ഭാഗമായി പലസ്തീൻ ഐക്യദാർഢ്യ പ്രഖ്യാപനവും, സല്യൂട്ട് ഗാസ ഫോട്ടോപ്രദർശനവും സംഘടിപ്പിച്ചിരുന്നു. മന്ത്രി KN ബാലഗോപാലും, ഇന്ത്യയിലെ പലസ്തീൻ സ്ഥാനപതി അബ്ദുള്ള അബു ഷ്വേഷും ബലൂണുകളും പട്ടങ്ങളും പറത്തിയാണ് പരിപാടി ഉദ്ഘാടനം ചെയ്തത്.

✪✪✪

വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ സംസ്ഥാന ഇൻഫർമേഷൻ ഹബ് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘടനം ചെയ്യും. I & PRD റിസർച്ച് ആൻഡ് റഫറൻസ്, സാമൂഹ്യ മാധ്യമ വിഭാഗങ്ങളാണ് ഹബിൽ സജ്ജമാക്കുന്നത്.

✪✪✪

കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി അല്പസമയത്തിനകം ഇടുക്കി മൂലമറ്റത്ത് കലുങ്ക് സൗഹൃദ സംഗമ പരിപാടിയിൽ പങ്കെടുക്കും. കോവിൽമല രാജാവ് രാമൻ രാജമന്നാൻ, മതസമുദായ നേതാക്കൾ, ഊര് മൂപ്പന്മാർ തുടങ്ങിയവർ കേന്ദ്രമന്ത്രിക്കൊപ്പം വേദി പങ്കിടും. ഇടുക്കി ജില്ലയിലെ പൊതുജനങ്ങളുടെ പരാതികളും, നിർദ്ദേശങ്ങളും പരിഗണിക്കുന്ന സംഗമത്തിലേക്ക് മുൻകൂട്ടി രജിസ്ട്രേഷൻ ആവശ്യമാണ്.

✪✪✪

**ഈ മാസം 22ന് നിലവിൽ വന്ന വരുംതലമുറ GST പരിഷ്കരണം സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് കുറച്ച് രാജ്യത്തെ എല്ലാ വിഭാഗങ്ങൾക്കും ഗണ്യമായ ആശ്വാസം നൽകുന്നു. രാജ്യത്തെ പരോക്ഷനികുതി സമ്പ്രദായം ലളിതമാക്കുന്നതിന് സുപ്രധാന ചുവടുവെപ്പാണിത്.**

**..........വോയ്സ്.......**

**വരും തലമുറ GST പരിഷ്കാരങ്ങളുടെ ഭാഗമായി കളിപ്പാട്ടങ്ങളുടെയും സ്പോർട്സ് ഉപകരണങ്ങളുടെയും GSTനിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് ഉപഭോക്താക്കൾക്കും നിർമ്മാതാക്കൾക്കും ഏറെ പ്രയോജനകരമാണ്. ആഭ്യന്തര കളിപ്പാട്ട വ്യവസായത്തെ നടപടി ഉത്തേജിപ്പിക്കുകയും, കുട്ടികളിലെ ആരോഗ്യകരമായ വിനോദ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. GST കുറഞ്ഞത് ചെറുകിട-ഇടത്തരം സംരംഭങ്ങളിലെ കളിപ്പാട്ടങ്ങളുടെയും സ്പോർട്സ് ഉപകരണങ്ങളുടെയും തദ്ദേശീയ നിർമ്മാതാക്കൾക്ക് ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിൽ മത്സരക്ഷമത കൈവരിക്കാൻ സഹായിക്കും.**

**സൈക്കിളുകളുടെ GST നിരക്ക് 5 ശതമാനമായി കുറച്ചത് ദൈനംദിന യാത്രക്കാർക്കും, ഗ്രാമീണ കുടുംബങ്ങൾക്കും, വിദ്യാർത്ഥികൾക്കും സൈക്കിളുകൾ താങ്ങാനാവുന്ന വിലയ്ക്ക് ലഭ്യമാക്കും. രാജ്യത്തുടനീളം പരിസ്ഥിതി സൗഹൃദ മൊബിലിറ്റി പ്രോത്സാഹിപ്പിക്കുകയും ചെയ്യും. നികുതി ഇളവ് സൈക്കിൾ നിർമ്മാണ മേഖലയ്ക്കും വലിയ ഉത്തേജനമാകും.**

✪✪✪

**രാജ്യത്ത് പുരോഗതിയും പരിവർത്തനവും കൊണ്ടുവരാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് അക്ഷീണം പ്രവർത്തിച്ചുവരികയാണ്. 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ മോദി ഗവൺമെന്റ് ആധുനികവും, സമഗ്രവും, ഭാവി ആവശ്യങ്ങൾക്ക് ഉതകുന്നതുമായ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്ക്കരിച്ചതിനെ കുറിച്ചാണ് ആകാശവാണി സേവാ പർവ് പ്രത്യേക പരമ്പരയിൽ ഇന്ന് വിശദീകരിക്കുന്നത്.**

**.........വോയ്സ്........**

**രാഷ്ട്രത്തിന്റെ ഭാവിനിർമാണത്തിന് അടിത്തറയാണ് വിദ്യാഭ്യാസം- ഒരു തലമുറയുടെ മുഴുവൻ വിധി നിർണ്ണയിക്കുന്ന ചിന്തയ്ക്ക് രൂപംനൽകുന്ന ഒന്ന്. 2020 ജൂണിലാണ് നരേന്ദ്ര മോദി ഗവൺമെന്റ് പുതിയ ദേശീയ**

വിദ്യാഭ്യാസ നയം കൊണ്ടുവന്നത്. 34 വർഷത്തിനിടെ ആദ്യമായി ഇന്ത്യയുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ പുതുക്കാനും, 21-ാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾക്ക് അനുഗുണമാക്കാനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന നയമാണിത്. വിദ്യാഭ്യാസ മേഖലയിലെ തുല്യതയാണ് നയത്തിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു.

ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ സ്കൂളുകളിലും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, തൊഴിലധിഷ്ഠിത-പ്രായോഗിക- നൈപുണ്യ വികസനം സംയോജിപ്പിക്കുന്നതിനാണ് ഗവൺമെന്റ് പ്രാധാന്യം നൽകുന്നത്. ബഹുഭാഷാവാദം പ്രോത്സാഹിപ്പിക്കുന്ന പുതിയ വിദ്യാഭ്യാസ നയം ഇന്ത്യൻ ഭാഷകളെ ഊർജ്ജസ്വലമായി നിലനിർത്തുന്ന ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

✪✪✪

കോഴിക്കോട്ട് രണ്ട് പേരെ കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം സ്വദേശിയായ 78 കാരനും, കോഴിക്കോട്ടെ ആറു വയസ്സുകാരിയ്ക്കുമാണ് രോഗം റിപ്പോർട്ട് ചെയ്തത്.

✪✪✪

തിക്കിലും തിരക്കിലും 41 പേർ മരിച്ച തമിഴക വെട്രി കഴകം റാലിയുമായി ബന്ധപ്പെട്ട് കരൂർ വെസ്റ്റ് ജില്ലാ സെക്രട്ടറിയെ പൊലീസ് അറസ്റ്റു ചെയ്തു. TVK സംസ്ഥാന ജനറൽ സെക്രട്ടറി ബസ്സി ആനന്ദ്, പാർട്ടി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി നിർമ്മൽ കുമാർ എന്നിവർക്കെതിരെയും പൊലീസ് പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കി. മനഃപൂർവ്വമല്ലാത്ത നരഹത്യ, അതിന് സാഹചര്യമൊരുക്കൽ എന്നിവയടക്കം വകുപ്പുകൾ ഇവർക്കെതിരെ ചുമത്തിയിട്ടുണ്ട്.

✪✪✪

ആരോഗ്യവകുപ്പിന്റെ ഹൃദയസ്തംഭന പ്രഥമ ശുശ്രൂഷാ ബോധവത്ക്കരണ കാമ്പയിനിൽ 15,616 പേർക്ക് CPR പരിശീലനം നൽകിയതായി മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു. എല്ലാ ജില്ലകളിലുമായി 242 കേന്ദ്രങ്ങളിലായിരുന്നു പരിശീലനം. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ചാണ് പരിശീലനം സംഘടിപ്പിച്ചത്. പരിശീലനം തുടരുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ പൊതുകടം ആറ് ലക്ഷം കോടി രൂപയിലേക്ക് എത്തുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി. സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും മാത്രം ഒരു ലക്ഷം കോടി രൂപ ഗവൺമെന്റ് കൊടുക്കാനുണ്ട്. സെക്രട്ടേറിയറ്റിനു മുന്നിൽ ജെബി മേത്തർ MP നയിച്ച മഹിളാ സാഹസ് കേരളയാത്രയുടെ സമാപന ചടങ്ങിൽ കുറ്റപത്ര സമർപ്പണം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രതിപക്ഷ നേതാവ്. 41 കുറ്റാരോപണങ്ങൾ എഴുതിയ 25 മീറ്റർ ഫ്ലക്സ് യാത്രാ സമാപനത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിനു മുൻപിൽ പ്രദർശിപ്പിച്ചു. പിണറായി ഗവൺമെന്റിനെ താഴെയിറക്കുന്നതു വരെ വീട്ടമ്മമാർക്ക് വിശ്രമമില്ലെന്ന് ജെബി മേത്തർ MP പറഞ്ഞു.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിന് ഇന്ന് ഗോഹട്ടിയിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ, ശ്രീലങ്കയെ നേരിടും. ബർസപാര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

ഇന്ത്യയിലെ നാല് വേദികളിലും കൊളംബോയിലെ ഒരു വേദിയിലുമായാണ് മത്സരം. ഒക്ടോബർ അഞ്ചിന് പാകിസ്ഥാനുമായാണ് ഇന്ത്യയുടെ അടുത്ത മത്സരം.

✪✪✪

കോഴിക്കോട് റൂറൽ ഉപജില്ലാ കായികമേളയിൽ 294 പോയിന്റോടെ സാവിയോ ഹയർസെക്കണ്ടറി ദേവഗിരി ചാമ്പ്യൻമാരായി. മാവൂർ ഗവൺമെന്റ് ഹയർസെക്കണ്ടറിക്കാണ് രണ്ടാം സ്ഥാനം.

✪✪✪

ശബരിമല സ്വർണപ്പാളി വിവാദത്തിൽ അന്വേഷണം വേണമെന്ന ഹൈക്കോടതി ഉത്തരവ് മുൻനിർത്തി ദേവസ്വംബോർഡ് പ്രസിഡണ്ട് രാജി വെക്കണമെന്ന് മുൻ കേന്ദ്രസഹ മന്ത്രി V മുരളീധരൻ ആവശ്യപ്പെട്ടു. വിവാദം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയെന്ന് മുരളീധരൻ ആരോപിച്ചു.

✪✪✪

2026 ലെ ഹജ്ജ് കർമ്മത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന അപേക്ഷിച്ച് വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട 1 മുതൽ 3,791 വരെ അപേക്ഷകർക്ക് ഹജ്ജിന് അവസരം ലഭിച്ചു. പുതുതായി വെയ്റ്റിംഗ് ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ, ഒക്ടോബർ 11-നകം ആദ്യ

ഗഡു   തുകയായ ഒരു ലക്ഷത്തി 52,300 രൂപ അടയ്ക്കണം.  ഒക്ടോബർ 18-നകം ഓൺലൈനായി പ്രസക്ത രേഖകൾ  അപ്‌ലോഡ് ചെയ്യുകയോ, സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ  നൽകുകയോ വേണം.

✪✪✪

കോഴിക്കോട്ട് 'സ്കിൽ -X 2025'  ദേശീയ യൂത്ത് സ്കിൽ ഡെവലപ്മെന്റ് കോൺക്ലേവ് കേന്ദ്രമന്ത്രി ജയന്ത് ചൗധരി  അടുത്ത വെള്ളിയാഴ്ച ഉദ്ഘാടനം ചെയ്യും. പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ പ്രദർശനവും, മറ്റു പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കോൺക്ലേവിൽ മുപ്പതോളം സ്കിൽ സർവകലാശാലകളും മറ്റു സ്ഥാപനങ്ങളും പങ്കെടുക്കും.

✪✪✪

നിർദ്ദിഷ്ട വയനാട് ചുരം ബദൽ പാതയിലെ പൂഴിത്തോട്-പടിഞ്ഞാറെത്തറ റോഡ് നിർമ്മാണത്തിന്റെ  പ്രാഥമിക പ്രവർത്തനങ്ങൾക്ക് നോഡൽ ഓഫീസർമാരെ നിയോഗിച്ചു. മന്ത്രി P.A മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ ഇന്നലെ കോഴിക്കോട്ട് ചേർന്ന യോഗത്തിലാണ്  തീരുമാനം. ഒക്ടോബർ 15-നകം റോഡിന്റെ അലൈൻമെന്റ് പൂർത്തിയാക്കാൻ മന്ത്രി നിർദ്ദേശം നൽകി. ഒക്ടോബർ 25-നകം പ്രാഥമിക DPR ഉം  തയ്യാറാക്കണം.

✪✪✪

കൊച്ചി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ അഡ്മിനിസ്ട്രേറ്റീവ് അംഗമായി റെയിൽവെ ബോർഡ് മുൻ അംഗം ബ്രജ് മോഹൻ അഗർവാൾ സത്യപ്രതിജ്ഞ ചെയ്തു.  ജുഡീഷ്യൽ അംഗവും വകുപ്പ് മേധാവിയുമായ ജസ്റ്റിസ് സുനിൽ തോമസ് അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു.

✪✪✪

കോഴിക്കോട് കേസരി നവരാത്രി സർഗോത്സവത്തോടനുബന്ധിച്ച് സർഗപ്രതിഭാ പുരസ്കാരം പിന്നണിഗായകൻ മധു ബാലകൃഷ്ണന് സമ്മാനിച്ചു. കേസരിഭവനിൽ കൈതപ്രം ദാമോദരൻ നമ്പൂതിരിയും ചലച്ചിത്ര നടി വിധുബാലയും ചേർന്നാണ് പുരസ്കാരം സമർപ്പിച്ചത്.

✪✪✪

പൂജ ഉത്സവകാലത്തെ തിരക്ക് കണക്കിലെടുത്ത് ചെന്നൈയിൽ നിന്ന് ഇന്ന് തിരുവനന്തപുരത്തേക്ക് പ്രത്യേക ട്രെയിൻ സർവ്വീസ് നടത്തും. ചെന്നൈ എഗ്മോറിൽ നിന്ന് രാത്രി 10.15 ന് പുറപ്പെടുന്ന ട്രെയിൻ

കോട്ടയം വഴി നാളെ ഉച്ചയ്ക്ക് 2.05 ന് തിരുവനന്തപുരം നോർത്തിലെത്തും. ഞായറാഴ്ച വൈകിട്ട് 4.30 ന് ചെന്നൈയിലേക്ക് തിരിച്ചും സർവീസ് ഉണ്ടായിരിക്കും.

✪✪✪

സപ്ലൈകോയുടെ എല്ലാ വില്പനശാലകളും ഇന്നും നാളെയും തുറന്നു പ്രവർത്തിക്കും. മാവേലി സ്റ്റോറുകളും ഈ ദിവസങ്ങളിൽ പ്രവർത്തിക്കുമെന്ന് സപ്ലൈകോ അറിയിച്ചു.

✪✪✪

നാഷണൽ ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ഇന്ന് നടത്താനിരുന്ന നിയമസഭാ മാർച്ചും, ധർണയും ഒക്ടോബർ ഒൻപതിലേക്ക് മാറ്റി. പൊതു അവധി പ്രഖ്യാപിച്ച സാഹചര്യത്തിലാണിത്.

✪✪✪

സംസ്ഥാന വനം-വന്യജീവി വകുപ്പിന്റെ വന്യജീവി വാരാഘോഷം സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ മൂന്നിന് കോഴിക്കോട് ചേളന്നൂർ S.N കോളേജിൽ നടത്തും. മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

✪✪✪

വയനാട് മൂടക്കൊല്ലി വനത്തിൽ കേഴമാനിനെ വേട്ടയാടി പിടിച്ച നാലംഗ സംഘത്തെ വനപാലക സംഘം പിടികൂടി. ഇവരിൽ നിന്ന് നാടൻ തോക്കുകളും, കാട്ടാടിന്റെ ശരീരവും കണ്ടെടുത്തു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : രജിന കെ ആസാദ്*
*DEO : ഷീബ*